# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04-11-2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻറെ കേരള സന്ദർശനം പുരോഗമിക്കുന്നു; തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻറ് ടെക്നോളജിയിൽ നടക്കുന്ന പരിപാടിയിൽ ഉപരാഷ്ട്രപതി ഇന്ന് പങ്കെടുക്കും.

   **Vice President C. P. Radhakrishnan's visit to Kerala is underway. Vice President to attend a program at the Sree Chitra Institute for Medical Sciences and Technology in Thiruvananthapuram today .**

2. ഇന്ത്യ- ബഹ്റൈൻ ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും സുസ്ഥിര വളർച്ച നിലനിർത്തുന്നതായി വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.

   **India–Bahrain bilateral trade and investment continue to maintain steady growth, says External Affairs Minister S. Jaishankar.**

3. രണ്ടാംഘട്ട തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ ഇന്ന് ആരംഭിക്കും; കേരളത്തിൽ വീടുകൾ സന്ദർശിച്ച് എന്യൂമറേഷൻ ഫോം ഇന്നു മുതൽ വിതരണം ചെയ്യും.

   **The Election Commission of India will launch the second round of its Special Intensive Revision exercise today. In Kerala, enumeration forms will be distributed through house visits from today.**

4. ബിഹാറിൽ ഒന്നാം ഘട്ട നിയമസഭ തെരഞ്ഞെടുപ്പിനുള്ള പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും; പ്രചാരണം ഊർജിതമാക്കി മുതിർന്ന നേതാക്കൾ.

   **Election campaigning for the first phase of the Bihar Assembly elections will end today. Senior leaders have intensified their campaigns.**

5. 2025 ലെ ഖാരിഫ് സീസണിൽ രാജ്യത്തുടനീളം യൂറിയ ഉൾപ്പെടെയുള്ള വളങ്ങളുടെ മതിയായ ലഭ്യത ഉറപ്പാക്കിയതായി കേന്ദ്ര സർക്കാർ.

**Adequate availability of fertilizers, including urea, ensured for the 2025 Kharif season; says Department of Fertilizers .**

6. ഏഷ്യൻ യൂത്ത് ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവെച്ച കായികതാരങ്ങൾക്കും പരിശീലകർക്കും ക്യാഷ് അവാർഡുകൾ പ്രഖ്യാപിച്ച് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ.

**The Indian Olympic Association has announced cash awards for athletes and coaches who delivered outstanding performances at the Asian Youth Games.**

***********************************

## PREZ – KAINCHI DHAM

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് നൈനിറ്റാളിലെ കുമവോൺ സർവകലാശാലയുടെ 20-ാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കും. നൈനിറ്റാളിലെ നീം കരോലി ബാബയുടെ ആശ്രമമായ കൈഞ്ചി ധാമും രാഷ്ട്രപതി സന്ദർശിക്കും. സുരക്ഷാ കാരണങ്ങളാൽ ജില്ലയെ 'ഡ്രോൺ നിരോധിത മേഖല' യായി പ്രഖ്യാപിച്ചിട്ടുണ്ട്. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ഈ മാസം രണ്ടിനാണ് ഉത്തരാഖണ്ഡിൽ എത്തിയത്.

***********************************

## VICE PRESIDENT

ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണന്റെ കേരള സന്ദർശനം പുരോഗമിക്കുന്നു. തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻറ് ടെക്നോളജിയിൽ നടക്കുന്ന പരിപാടിയിൽ ഉപരാഷ്ട്രപതി ഇന്ന് പങ്കെടുക്കും. ഉപരാഷ്ട്രപതിയുടെ

സന്ദർശനത്തോടനുബന്ധിച്ച് തലസ്ഥാന നഗരിയിൽ സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. ഇന്ന് രാവിലെ 8 മണി മുതൽ വൈകുന്നേരം 5.30 വരെ നഗരത്തിൽ ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്നലെ കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് വജ്ര ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം ഉപരാഷ്ട്രപതി നിർവഹിച്ചു. നല്ല പൗരന്മാരെ സൃഷ്ടിക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാധിക്കണമെന്ന് പരിപാടിയിൽ പങ്കെടുത്തുകൊണ്ട് അദ്ദേഹം പറഞ്ഞു. ഇന്ത്യൻ കയർ കയറ്റുമതി ഫെഡറേഷൻ പ്രതിനിധികളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി ഇന്നലെയാണ് ഉപരാഷ്ട്രപതി തിരുവനന്തപുരത്തെത്തിയത്.

***********************************

## ISRAEL FM

ഇസ്രായേൽ വിദേശകാര്യ മന്ത്രി ഗിഡിയോൺ സർ വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കറുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. ഇന്ത്യയും ഇസ്രായേലും തന്ത്രപരമായ പങ്കാളിത്തം പങ്കിടുന്നുണ്ടെന്നും ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി രാഷ്ട്രീയ ബന്ധം ഊഷ്മളമാണെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

***********************************

## JAISHANKAR BAHRAIN FM (INTRO)

ഇന്ത്യയ്ക്കും ബഹ്റൈനുമിടയിലെ ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും സുസ്ഥിര വളർച്ച നിലനിർത്തുന്നതായി വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. അഞ്ചാമത് ഇന്ത്യ-ബഹ്റൈൻ ജോയിന്റ് കമ്മീഷൻ യോഗത്തെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വിവിധ

മേഖലകളിലെ ഉഭയകക്ഷി നിക്ഷേപത്തിൽ ഇരു രാജ്യങ്ങളും ഗണ്യമായ പുരോഗതി കൈവരിച്ചതായും ശ്രീ. ജയ്ശങ്കർ പറഞ്ഞു.

(ഹോൾഡ് - വോയിസ്)

***********************************

## BIHAR CAMPAIGNING

ബിഹാറിൽ ഒന്നാം ഘട്ട നിയമസഭ തെരഞ്ഞെടുപ്പിനുള്ള പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. കേന്ദ്രമന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ രാജ്നാഥ് സിങ് ഇന്ന് തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും. ആർ.ജെ.ഡി നേതാവ് തേജസ്വി യാദവ് ഇന്നലെ വിവിധ ഇടങ്ങളിൽ പ്രചാരണം നടത്തി. സംസ്ഥാനത്തെ 121 മണ്ഡലങ്ങളിൽ, മറ്റന്നാളാണ് ഒന്നാംഘട്ട വോട്ടെടുപ്പ്. രണ്ടാംഘട്ട വോട്ടെടുപ്പ് ഈ മാസം 11 നും, വോട്ടെണ്ണൽ 14 നും നടക്കും.

***********************************

## PM-MERA BOOTH SABSE MAZBOOT

മേരാ ബൂത്ത് സബ്സെ മസ്ബൂത്ത് പരിപാടിയുടെ ഭാഗമായി, ബിജെപി മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ഇന്ന് ബിഹാറിലെ സ്ത്രീകളുമായി സംവദിക്കും. ബിജെപി-എൻഡിഎ സഖ്യത്തിന്റെ വിജയം ഉറപ്പാക്കാൻ സ്ത്രീ വോട്ടർമാർ വലിയ സംഭാവന നൽകുന്നുണ്ടെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

***********************************

## EC-SIR

രണ്ടാംഘട്ട തീവ്ര വോട്ടർപട്ടിക പരിഷ്കരണം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ ഇന്ന് ആരംഭിക്കും. ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന്

കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 51 കോടിയോളം വോട്ടർമാരാണുള്ളത്. കേരളത്തിന് പുറമേ ആൻഡമാൻ നിക്കോബാർദ്വീപുകൾ, ലക്ഷദ്വീപ്, ഛത്തീസ്ഗഢ്, ഗോവ, ഗുജറാത്ത്, മധ്യപ്രദേശ്, പുതുച്ചേരി, രാജസ്ഥാൻ, തമിഴ്നാട്, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ എന്നിവ പുതിയ ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

**********************************

## SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട് BLO മാർ വീടുകൾ സന്ദർശിച്ച് ഇന്നു മുതൽ എന്യൂമറേഷൻ ഫോം വിതരണം ചെയ്യും. അടുത്ത മാസം 4 ന് മുൻപ് പൂരിപ്പിച്ച ഫോമുകൾ തിരികെ നൽകണം. ഡിസംബർ 9 ന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. കരട് പട്ടിക സംബന്ധിച്ച പരാതികൾ 2026 ജനുവരി 8 ന് മുൻപ് സമർപ്പിക്കണം. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 7 ന് പ്രസിദ്ധീകരിക്കും.

**********************************

## NAME ADD – VOTERS LIST

കേരളത്തിൽ

തദ്ദേശ പൊതുതിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കാൻ ഇന്നും നാളെയും കൂടി അവസരം. കഴിഞ്ഞ മാസം 25 ന് പ്രസിദ്ധീകരിച്ച അന്തിമവോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായവർക്കാണ് പട്ടികയിൽ പേര് ചേർക്കുന്നതിനാണ് അവസരം. അതേസമയം തദ്ദേശ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് രാഷ്ട്രീയപാർട്ടികൾക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം അനുവദിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു.

വിജ്ഞാപനം www.sec.kerala.gov.in വെബ് സൈറ്റിൽ പരിശോധിക്കാം.

*********************************

## FERTILIZER

2025 ലെ ഖാരിഫ് സീസണിൽ രാജ്യത്തുടനീളം യൂറിയ ഉൾപ്പെടെയുള്ള വളങ്ങളുടെ മതിയായ ലഭ്യത ഉറപ്പാക്കിയതായി രാസവള വകുപ്പ്. സമയബന്ധിതമായ ആസൂത്രണത്തിലൂടെയും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും, കർഷകർക്ക് ആവശ്യമായ അളവിൽ വളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയതായും വകുപ്പ് അറിയിച്ചു. 2024 ലെ ഖാരിഫിനെ അപേക്ഷിച്ച് 2025 ലെ ഖാരിഫിൽ കർഷകർ കൂടുതൽ യൂറിയ ഉപയോഗിച്ചിട്ടുണ്ടെന്നും കണക്കുകൾ വ്യക്തമാക്കുന്നു.

*********************************

## INDIA - TIMOR-LESTE

റാബിസ് ബാധയെ നേരിടാൻ ദ്വീപ് രാഷ്ട്രമായ തിമോർ ലെസ്റ്റെയെ സഹായിക്കുന്നതിനായി ഇന്ത്യ 10,000 ഡോസ് റാബിസ് വാക്സിനും 2,000 വയൽസ് റാബിസ് ഇമ്യൂണോഗ്ലോബുലിനും അയച്ചു. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, 2024 മാർച്ചിലാണ് തിമോർ-ലെസ്റ്റെയിൽ ആദ്യത്തെ മനുഷ്യ റാബിസ് കേസ് റിപ്പോർട്ട് ചെയ്തത്.

*********************************

## THINQ- 2025 KANNUR (INTRO)

ഏഴിമല ഇന്ത്യൻ നാവിക അക്കാദമി സംഘടിപ്പിക്കുന്ന ദേശീയ മെഗാ ക്വിസ് മത്സരമായ തിങ്ക് 2025 (THINQ- 2025) ഇന്നും നാളെയും നാവിക അക്കാദമിയിൽ നടക്കും. മഹാ സാഗർ എന്ന പേരിലാണ് മത്സരം.

വിശദ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ...**

(വോയിസ്)

************************************

## GST REFORMS- HEALTHCARE

ആരോഗ്യ മേഖലയിലെ ജി.എസ്.ടി ഭരണ പരിഷ്കാരങ്ങൾ രാജ്യത്തെ പൗരന്മാർക്ക് ഏറെ ഗുണം ചെയ്യുന്നതായി കേന്ദ്ര സർക്കാർ. 33 ജീവൻ രക്ഷാ മരുന്നുകളുടെ നികുതി ഒഴിവാക്കി. അവശ്യ മരുന്നുകളുടെ ജി.എസ്.ടി 12 ശതമാനത്തിൽ നിന്നും അഞ്ച് ശതമാനമായി കുറച്ചു. വിവിധ മെഡിക്കൽ ഉപകരണങ്ങളുടെ ജി.എസ്.ടിയും അഞ്ച് ശതമാനമായി കുറച്ചു.

************************************

## OLYMPIC ASSOCIATION

മൂന്നാമത് ഏഷ്യൻ യൂത്ത് ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവെച്ച കായികതാരങ്ങൾക്കും പരിശീലകർക്കും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ ക്യാഷ് അവാർഡുകൾ പ്രഖ്യാപിച്ചു. സ്വർണ മെഡൽ ജേതാക്കൾക്ക് 5 ലക്ഷം രൂപ വീതവും വെള്ളി മെഡൽ ജേതാക്കൾക്ക് 3 ലക്ഷം രൂപ വീതവും വെങ്കല മെഡൽ ജേതാക്കൾക്ക് 2 ലക്ഷം രൂപ വീതവും സമ്മാനം നൽകും. നാലാം സ്ഥാനക്കാർക്ക് 50,000 രൂപ വീതവും മെഡൽ നേടിയ കായികതാരങ്ങളുടെ പരിശീലകർക്ക് ഒരു ലക്ഷം രൂപ വീതവുമാണ് സമ്മാനം. ആൺ-പെൺ കബഡി ടീമുകൾക്ക് 10 ലക്ഷം രൂപ വീതവും സമ്മാനം നൽകും.

************************************

## BCCI - 51 CRORE PRIZE

ഐ.സി.സി വനിതാ ക്രിക്കറ്റ് ലോകകപ്പ് നേടിയ ഇന്ത്യൻ ടീമിനും, സപ്പോർട്ട് സ്റ്റാഫിനും, സെലക്ഷൻ കമ്മിറ്റിക്കും 51 കോടി രൂപ

പാരിതോഷികം പ്രഖ്യാപിച്ച് ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ്. രാജ്യത്തുടനീളമുള്ള ദശലക്ഷക്കണക്കിന് ആരാധകരുടെ അഭിലാഷങ്ങൾ നിറവേറ്റിക്കൊണ്ട് ഇന്ത്യൻ ടീം അസാധാരണമായ പ്രകടനം കാഴ്ചവച്ചതായി ബി.സി.സി.ഐ പ്രസ്താവനയിൽ പറഞ്ഞു.

***********************************

## AIFF SUPER CUP

എ.ഐ.എഫ്.എഫ് സൂപ്പർ കപ്പ് ഫുട്ബോൾ ഗ്രൂപ്പ് -ഡി മത്സരത്തിൽ ഡൽഹിക്കെതിരെ കേരള ബ്ളാസ്റ്റേഴ്സിനു ജയം. ഗോവയിൽ നടന്ന മത്സരത്തിൽ എതിരില്ലാത്ത മൂന്നു ഗോളിനാണ് ഡൽഹിയെ പരാജയപ്പെടുത്തിയത്. ഈ വിജയത്തോടെ രണ്ട് മത്സരങ്ങളിൽ നിന്ന് ആറ് പോയിന്റുമായി ബ്ലാസ്റ്റേഴ്സ് ഗ്രൂപ്പിൽ ഒന്നാമതായി.

***********************************

## FIDE WORLD CUP

ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർമാരായ നാരായണൻ എസ്.എൽ., ദീപ്തായൻ ഘോഷ് എന്നിവർ ഫിഡെ വേൾഡ് കപ്പിന്റെ രണ്ടാം റൗണ്ടിൽ പ്രവേശിച്ചു. റൗണ്ട് 1 ടൈബ്രേക്കിന്റെ രണ്ടാം ഘട്ടത്തിൽ ഇന്ത്യയുടെ അരോണ്യക് ഘോഷ് വിജയം നേടി. 82 രാജ്യങ്ങളിൽ നിന്നുള്ള 206 കളിക്കാരാണ് പങ്കെടുക്കുന്നത്.

***********************************

## DAY-PM- ESTIC

ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യ വികസനം ഏറ്റവും വിജയകരമായ രീതിയിൽ സാധ്യമാക്കിയ രാജ്യമാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഗവേഷണത്തിനായി രാജ്യം ചിലവഴിക്കുന്ന തുക കഴിഞ്ഞ ദശകത്തിൽ ഇരട്ടിയായി

വർദ്ധിച്ചെന്നും പ്രധാനമന്ത്രി പറഞ്ഞു. എമർജിംഗ് സയൻസ് ആൻഡ് ടെക്നോളജി ഇനവേഷൻ കോൺക്ലേവ് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്നലെ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

**********************************

## MANDAVIYA – DOHA SUMMIT

ഇന്ന് മുതൽ ഈ മാസം 6 വരെ ദോഹയിൽ നടക്കുന്ന രണ്ടാം ലോക സാമൂഹിക വികസന ഉച്ചകോടിയിൽ കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ്
മാണ്ഡവ്യ ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിക്കും. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ സാമൂഹിക നീതിക്കായുള്ള ആഗോള സഖ്യത്തെക്കുറിച്ചുള്ള മന്ത്രിതല സംഭാഷണത്തിൽ അദ്ദേഹം പങ്കെടുക്കും. ഇന്ത്യയുടെ സമഗ്രവും തുല്യവുമായ വളർച്ച എന്ന ദർശനം ശ്രീ മാണ്ഡവ്യ അവതരിപ്പിക്കും. ഡിജിറ്റൽ വളർച്ചയിലേക്കുള്ള ഇന്ത്യയുടെ പരിവർത്തന യാത്ര പങ്കിടുന്നതിനെക്കുറിച്ചുള്ള ഉന്നതതല വട്ടമേശ സമ്മേളനത്തിലും അദ്ദേഹം പങ്കെടുക്കും. വിവിധ രാജ്യങ്ങളിലെ പ്രതിനിധികളുമായും മുതിർന്ന യു.എൻ ഉദ്യോഗസ്ഥരുമായും കേന്ദ്ര മന്ത്രി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും.

********************************************************************************
***********